**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1539** **19-09-2025 - ൽ മറുപടിയ്ക്ക്**

**അധ്യാപക തസ്തികനിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ അധ്യയനവർഷത്തിൽ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി ആയത് പ്രകാരം തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | അധിക തസ്തിക ഒഴിച്ചുള്ള തസ്തികകളുടെ നിർണ്ണയം നടത്തിയിട്ടുണ്ട്. |
| (ബി) | ഇത് പ്രകാരം വിദ്യാർത്ഥികളുടെ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര അധ്യാപക തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ട് ; വിശദമാക്കുമോ; | (ബി) | 2025-26 അധ്യയന വർഷം സർക്കാർ മേഖലയിൽ 66315 വിദ്യാർഥികളുടെ കുറവും, എയ്ഡഡ് മേഖലയിൽ 59371 വിദ്യാർഥികളുടെ കുറവും ഉണ്ടായിട്ടുണ്ട്. 4090 അധ്യാപക തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ട്. |
| (സി) | അധ്യയന വർഷാരംഭത്തിലെ ആറാം പ്രവർത്തി ദിനത്തിൽ ആധാർ അനുസരിച്ചുള്ള കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി മാത്രമേ തസ്തികനിർണയം നടത്താവൂ എന്ന വിദ്യാഭ്യാസ ചട്ടത്തിൽ ഇളവ് അനുവദിച്ച് ജൂൺ മാസം 30 വരെ ആധാർ ഹാജരാക്കുന്നതിന് സമയപരിധി നൽകിയാൽ കുട്ടികൾ ഉണ്ടായിട്ടും അധ്യാപക തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാനാകുമെന്നതിനാൽ ഇതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | സ.ഉ. (കൈ) നം. 141/2025/GEDN തീയതി 18-08-2025 പ്രകാരം സ്കൂളുകളിൽ ഇൻവാലിഡ് UID ഉള്ള വിദ്യാർത്ഥികളുടെ UID വാലിഡ് ആക്കി സമന്വയയിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി 2025 ഓഗസ്റ്റ് 20 വരെ നീട്ടി സർക്കാർ ഉത്തരവായിട്ടുണ്ട്. ആറാം പ്രവൃത്തി ദിനത്തിൽ ഇ.ഐ.ഡി ഉള്ള കുട്ടികളെ വ്യവസ്ഥകൾക്ക് വിധേയമായി 2025-26 അധ്യയന വർഷത്തെ തസ്തിക നിർണയത്തിന് പരിഗണിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ